"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - എറണാകുളം ജില്ല കൊച്ചി താലൂക്കിൽ മട്ടാഞ്ചേരി വില്ലേജ് സർവ്വെ നം. 194-ൽ പ്പെട്ട 2.100 സെന്റ് ഭൂമിക്ക്, ഗ്രൗണ്ട് റെന്റ് ഒഴിവാക്കി സൗജന്യമായി പട്ടയം അനുവദിക്കുന്നതിനായി, 'തരിശ് 'ലേക്ക് ഇനം മാറ്റം വരുത്തി എറണാകുളം ജില്ല മട്ടാഞ്ചേരി വില്ലേജ് ഈരവേലി റോഡിൽ ഹൗസ് നം.3/485എ, നെറ്റോവില്ലയിൽ ശ്രീ.ജോസഫ് നെറ്റോക്ക് പതിച്ച് നല്കുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എ) വകുപ്പ്

സ.ഉ.(കൈ) നം.52/2025/RD തീയതി,തിരുവനന്തപുരം, 21-02-2025

---

പരാമർശം:-
1. ശ്രീ.ജോസഫ് നെറ്റോ സമർപ്പിച്ച 03.11.2023-ലെ അപേക്ഷ
2. എറണാകുളം ജില്ലാ കളക്ടറുടെ 07.03.2024-ലെ DCEKM/L1/ 1234/2024 നമ്പർ കത്ത്
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 20.03.2024-ലെ LR/ 12072/2022-LR(J7) നമ്പർ കത്ത്

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ മട്ടാഞ്ചേരി വില്ലേജ് സർവ്വേ 194-ൽ പ്പെട്ട 2.100 സെന്റ് ഭൂമിക്ക് പട്ടയം അനുവദിച്ച് കിട്ടുന്നതിനായി ശ്രീ.ജോസഫ് നെറ്റോ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. ടി ഭൂമി വില്ലേജ് രേഖകൾ പ്രകാരം സർവ്വേ 194 ൽ പെട്ട ഗ്രൗണ്ട് റെന്റ് ഇനത്തിൽ പെട്ട പുറമ്പോക്ക് ഭൂമിയാണെന്നും അപേക്ഷ വസ്തുവിൽ വീടുള്ളതും, അപേക്ഷകനും പൂർവ്വികരും 64 വർഷമായി താമസിച്ച് വരുന്നതും കൈവശം മറ്റ് ഭൂമിയില്ലാത്തതുമാണെന്നും ഗ്രൗണ്ട് റെന്റ് ഇനത്തിൽ പെട്ട ഭൂമിയായതിനാൽ നിലവിലുള്ള ഭൂമി പതിവ് ചട്ടപ്രകാരം പതിച്ച് കൊടുക്കുവാൻ സാധിക്കുകയില്ലായെന്നും ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത പുറമ്പോക്ക് ഭൂമി എൽ.സി കേസുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതും, സർക്കാരിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്കോ, പൊതു ആവശ്യത്തിനോ റിസർവ്വ് ചെയ്തിട്ടുള്ളതല്ലായെന്നും ചക്കരയിടുക്ക് പ്രദേശത്ത് പട്ടയ നടപടികൾ സ്വീകരിച്ച് പോരുന്ന സമയത്ത് ഈ അപേക്ഷാ ഭൂമി സർവ്വേ നം. 195-ൽ പ്പെട്ട തീറായി ലഭിച്ച ഭൂമിയാണെന്ന് കരുതിയാണ് പട്ടയത്തിന് അപേക്ഷ നൽകാതിരുന്നതെന്ന് കക്ഷി നേരിൽ ബോധിപ്പിച്ചിട്ടുണ്ടെന്നും ആകയാൽ അപേക്ഷകൻ പതിവിനർഹനാണെന്ന് ജില്ലാ കളക്ടർ ശുപാർശ ചെയ്തിരുന്നു.

3. അപേക്ഷകൻ കൈവശം വച്ച് പോരുന്ന ഗ്രൗണ്ട് റെന്റ് ഇനത്തിൽപ്പെട്ട സർക്കാർ ഭൂമിക്ക് "റെന്റ്" അടച്ച് വന്നിട്ടില്ലാത്തതാണെന്നും, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അപേക്ഷകൻ, നിലവിൽ നിയമപ്രകാരമുള്ള ഭൂമിയുടെ കമ്പോളവില അടക്കുവാനോ ഗ്രൗണ്ട് റെന്റ് കുടിശ്ശിക ഒടുക്കുവാനോ സാധിക്കാത്ത വിധത്തിലുള്ള സാമ്പത്തിക സ്ഥിതിയിലാണെന്നും, ടിയാന്റെ വാർഷിക വരുമാനം 48000/- രൂപയാണെന്നും, ആയതിനാൽ പതിവ് നടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മട്ടാഞ്ചേരി വില്ലേജിൽ മേൽ പരാമർശിച്ച അപേക്ഷാഭൂമിക്ക് സമീപത്തായുള്ള ചക്കരയിടുക്ക് എന്ന പ്രദേശത്ത് സമാനമായ വിഷയത്തിൽ 71 കുടുംബങ്ങൾക്ക് ഗ്രൗണ്ട് റെന്റ് കുടിശ്ശിക ഒഴിവാക്കി പരമാവധി 5 സെന്റ് വരെ സൗജന്യമായി പതിച്ച് നൽകുന്നതിന് 01.10.2015-ലെ സ.ഉ.(കൈ)നം.524/2015/റവ. പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അപ്രകാരം ഈ വിഷയത്തിലും ഗ്രൗണ്ട് റെന്റ് കുടിശ്ശിക ഒഴിവാക്കിയും 'തരിശ് ' ലേക്ക് ഇനംമാറ്റം വരുത്തി അർഹതയുടെ അടിസ്ഥാനത്തിൽ പതിവ് നടപടികൾ സ്വീകരിക്കുന്നതിന് പതിവധികാരിയെ ചുമതലപ്പെടുത്തിക്കൊണ്ടും സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1995-ലെ കേരള മുൻസിപ്പൽ കോർപ്പറേഷൻ ഏര്യയിലെ ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 21 (ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച്, എറണാകുളം ജില്ല കൊച്ചി താലൂക്കിൽ മട്ടാഞ്ചേരി വില്ലേജ് സർവ്വെ 194-ൽ പ്പെട്ട 2.100 സെന്റ് ഭൂമി, ഗ്രൗണ്ട് റെന്റ് ഒഴിവാക്കി സൗജന്യമായി പട്ടയം അനുവദിക്കുന്നതിനായി, 'തരിശ് ' ലേക്ക് ഇനം മാറ്റം വരുത്തി എറണാകുളം ജില്ല മട്ടാഞ്ചേരി വില്ലേജ് ഈരവേലി റോഡിൽ ഹൗസ് നം.3/485എ, നെറ്റോവില്ലയിൽ ശ്രീ.ജോസഫ് നെറ്റോക്ക് പതിച്ചു നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം..
ജില്ലാ കളക്ടർ, എറണാകുളം
ശ്രീ.ജോസഫ് നെറ്റോ, നെറ്റോ വില്ല, ഹൗസ് നം.3/485 എ, ഈരവേലി റോഡ്, മട്ടാഞ്ചേരി, എറണാകുളം-682002
ധനകാര്യ (E-2794493/Exp-D3/51/2024-Fin dtd 05/10/2024 പ്രകാരം)
പൊതുഭരണ (എസ് സി) വകുപ്പ് (19/02/2025ലെ ഇനം നമ്പർ 2721 പ്രകാരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ)വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Suresh Kumar K
Date: 21-02-2025 18:19:31

സെക്ഷൻ ഓഫീസർ

പകർപ്പ് :- - ബഹു.മുഖ്യമന്ത്രിയുടെ പി എസ് ന്

ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ് ന്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 19-02-2025

ഫയൽ നം. എ3/132/2023/റവ. ഇനം നം: 2721

വിഷയം : റവന്യു വകുപ്പ് - 1995-ലെ കേരള മുൻസിപ്പൽ കോർപ്പറേഷൻ ചട്ടങ്ങളിലെ ചട്ടം 21(ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് എറണാകുളം ജില്ല കൊച്ചി താലൂക്കിൽ മട്ടാഞ്ചേരി വില്ലേജ് സർവ്വെ നം.194-ൽ പ്പെട്ട 2.100 സെന്റ് ഭൂമിക്ക്, ഗ്രൗണ്ട് റെന്റ് ഒഴിവാക്കി സൗജന്യമായി പട്ടയം അനുവദിക്കുന്നതിനായി, 'തരിശ്'-ലേക്ക് ഇനം മാറ്റം വരുത്തി എറണാകുളം ജില്ല മട്ടാഞ്ചേരി വില്ലേജ് ഈരവേലി റോഡിൽ ഹൗസ് നം.3/485 എ, നെറ്റോവില്ലയിൽ ശ്രീ. ജോസഫ് നെറ്റോക്ക് പതിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യു വകുപ്പ്.

2721

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | എ 3/132/2023 റവ. |
| 2. | വകുപ്പ് | : | റവന്യൂ (എ) വകുപ്പ് |
| 3. | വിഷയം | : | 1995-ലെ കേരള മുൻസിപ്പൽ കോർപ്പറേഷൻ ചട്ടങ്ങളിലെ ചട്ടം 21 (ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് എറണാകുളം ജില്ല കൊച്ചി താലൂക്കിൽ മട്ടാഞ്ചേരി വില്ലേജ് സർവ്വെ നം. 194-ൽ പ്പെട്ട 2.100 സെന്റ് ഭൂമിക്ക്, ഗ്രൗണ്ട് റെന്റ് ഒഴിവാക്കി സൗജന്യമായി പട്ടയം അനുവദിക്കുന്നതിനായി, 'തരിശ്' 'ലേക്ക്' ഇനം മാറ്റം വരുത്തി എറണാകുളം ജില്ല മട്ടാഞ്ചേരി വില്ലേജ് ഈരവേലി റോഡിൽ ഹൗസ് നം.3/485 എ, നെറ്റോവില്ലയിൽ ശ്രീ.ജോസഫ് നെറ്റോക്ക് പതിച്ച നൽകുന്നത് - സംബന്ധിച്ച് . |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 02/11/2024 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്, ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.സ്നേഹലത കെ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 13/12/2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദാ മുരളീധരൻ |
| 11. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 08/02/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 10/02/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 11/02/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1995-ലെ കേരള മുൻസിപ്പൽ കോർപ്പറേഷൻ ചട്ടങ്ങളിലെ ചട്ടം 21(ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് എറണാകുളം ജില്ല കൊച്ചി താലൂക്കിൽ മട്ടാഞ്ചേരി വില്ലേജ് സർവ്വെ നം. 194-ൽ പ്പെട്ട 2.100 സെന്റ് ഭൂമിക്ക്, ഗ്രൗണ്ട് റെന്റ് ഒഴിവാക്കി സൗജന്യമായി പട്ടയം അനുവദിക്കുന്നതിനായി, 'തരിശ്' 'ലേക്ക്' ഇനം മാറ്റം വരുത്തി എറണാകുളം ജില്ല മട്ടാഞ്ചേരി വില്ലേജ് ഈരവേലി റോഡിൽ ഹൗസ് നം.3/485 എ, നെറ്റോവില്ലയിൽ ശ്രീ.ജോസഫ് നെറ്റോക്ക് പതിച്ചു നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. എറണാകുളം ജില്ല കൊച്ചി താലൂക്കിൽ മട്ടാഞ്ചേരി വില്ലേജ് സർവ്വേ 194-ൽ പ്പെട്ട 2.100 സെന്റ് ഭൂമിക്ക് പട്ടയം അനുവദിച്ചു കിട്ടുന്നതിനായി ശ്രീ.ജോസഫ് നെറ്റോ സമർപ്പിച്ചിരുന്ന അപേക്ഷ ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയുണ്ടായി. 1995 ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ ഏര്യായിലെ ഭൂപതിവ് ചട്ടം 5(1) പ്രകാരം മുനിസിപ്പൽ ഏര്യായിൽ 5 സെന്റും കോർപ്പറേഷൻ ഏര്യായിൽ 3 സെന്റും അർഹതയുള്ളവർക്ക് പതിച്ച് നല്കാം എന്നുള്ളതിനാൽ അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള 2.100 സെന്റ് ഭൂമി അർഹത പരിശോധിച്ച് എറണാകുളം ജില്ലാ കളക്ടർക്ക് തന്നെ തീരുമാനമെടുക്കാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണറെ അറിയിച്ചിരുന്നു.

3. ടി ഭൂമി വില്ലേജ് രേഖകൾ പ്രകാരം സർവ്വേ 194 ൽ പെട്ട ഗ്രൗണ്ട് റെന്റ് ഇനത്തിൽ പെട്ട പുറമ്പോക്ക് ഭൂമിയാണെന്നും അപേക്ഷ വസ്തുവിൽ വീടുള്ളതും, അപേക്ഷകനും പൂർവ്വികരും 64 വർഷമായി താമസിച്ച് വരുന്നതും കൈവശം മറ്റ് ഭൂമിയില്ലാത്തതുമാണ് എന്നും ഗ്രൗണ്ട് റെന്റ് ഇനത്തിൽ പെട്ട ഭൂമിയായതിനാൽ നിലവിലുള്ള ഭൂമിപതിവ് ചട്ടപ്രകാരം പതിച്ചു കൊടുക്കുവാൻ സാധിക്കുകയില്ലായെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത പുറമ്പോക്ക് ഭൂമി എൽ.സി കേസുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതും, സർക്കാരിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്കോ, പൊതു ആവശ്യത്തിനോ റിസർവ്വ് ചെയ്തിട്ടുള്ളതല്ലായെന്നും ചക്കരയിടുക്ക് പ്രദേശത്ത് പട്ടയ നടപടികൾ സ്വീകരിച്ചു പോരുന്ന സമയത്ത് ഈ അപേക്ഷാ ഭൂമി സർവ്വേ നം. 195-ൽ പ്പെട്ട തീറായി ലഭിച്ച ഭൂമിയാണെന്ന് കരുതിയാണ് പട്ടയത്തിന് അപേക്ഷ നൽകാതിരുന്നതെന്ന് കക്ഷി നേരിൽ ബോധിപ്പിച്ചിട്ടുണ്ട്. ആയതിനാൽ അപേക്ഷകൻ പതിവിനർഹനാണെന്ന് ജില്ലാ കളക്ടർ ശുപാർശ നൽകിയിട്ടുണ്ട്.

4. അപേക്ഷകൻ കൈവശം വച്ച് പോരുന്ന ഗ്രൗണ്ട് റെന്റ് ഇനത്തിൽപ്പെട്ട സർക്കാർ ഭൂമിക്ക് "റെന്റ്" അടച്ച് വന്നിട്ടില്ലാത്തതാണെന്നും, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അപേക്ഷകൻ, നിലവിൽ നിയമപ്രകാരമുള്ള ഭൂമിയുടെ കമ്പോളവില അടക്കുവാനോ ഗ്രൗണ്ട് റെന്റ് കുടിശ്ശിക ഒടുക്കുവാനോ സാധിക്കാത്ത വിധത്തിലുള്ള സാമ്പത്തിക സ്ഥിതിയിലാണെന്നും, ടിയാന്റെ വാർഷിക വരുമാനം 48000/- രൂപയാണെന്നും, ആയതിനാൽ പതിവ് നടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മട്ടാഞ്ചേരി വില്ലേജിൽ മേൽ പരാമർശിച്ച അപേക്ഷാഭൂമിക്ക് സമീപത്തായുള്ള ചക്കരയിടുക്ക് എന്ന പ്രദേശത്ത് സമാനമായ വിഷയത്തിൽ 71 കുടുംബങ്ങൾക്ക് ഗ്രൗണ്ട് റെന്റ് കുടിശ്ശിക ഒഴിവാക്കി പരമാവധി 5 സെന്റ് വരെ സൗജന്യമായി പതിച്ച് നൽകുന്നതിന് 01.10.2015-ലെ സ.ഉ.(കൈ)നം.524/2015/റവ. പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അപ്രകാരം ഈ വിഷയത്തിലും ഗ്രൗണ്ട് റെന്റ് കുടിശ്ശിക ഒഴിവാക്കിയും 'തരിശ് ' ലേക്ക് ഇനംമാറ്റം വരുത്തി അർഹതയുടെ അടിസ്ഥാനത്തിൽ പതിവ് നടപടികൾ സ്വീകരിക്കുന്നതിന് പതിവധികാരിയെ ചുമതലപ്പെടുത്തിക്കൊണ്ടും സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. മേൽ വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്.

" 1995-ലെ കേരള മുൻസിപ്പൽ കോർപ്പറേഷൻ ചട്ടങ്ങളിലെ ചട്ടം 21(ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് എറണാകുളം ജില്ല കൊച്ചി

താലൂക്കിൽ മട്ടാഞ്ചേരി വില്ലേജ് സർവ്വെ 194-ൽ പ്പെട്ട 2.100 സെന്റ് ഭൂമിക്ക് (ഗ്രൗണ്ട് റെന്റ് ഒഴിവാക്കി സൗജന്യമായി) പട്ടയം അനുവദിക്കുന്നതിനായി 'തരിശ് ' ലേക്ക് ഇനം മാറ്റം വരുത്തി ശ്രീ.ജോസഫ് നെറ്റോക്ക് മന്ത്രിസഭയുടെ അംഗീകാരത്തോടെ പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "

6. മേൽ സാഹചര്യത്തിൽ, 1995-ലെ കേരള മുൻസിപ്പൽ കോർപ്പറേഷൻ ചട്ടങ്ങളിലെ ചട്ടം 21 (ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് എറണാകുളം ജില്ല കൊച്ചി താലൂക്കിൽ മട്ടാഞ്ചേരി വില്ലേജ് സർവ്വെ 194-ൽ പ്പെട്ട 2.100 സെന്റ് ഭൂമിക്ക് (ഗ്രൗണ്ട് റെന്റ് ഒഴിവാക്കി സൗജന്യമായി) പട്ടയം അനുവദിക്കുന്നതിനായി 'തരിശ് ' ലേക്ക് ഇനം മാറ്റം വരുത്തി ശ്രീ.ജോസഫ് നെറ്റോക്ക് പതിച്ചു നൽകുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭാ യോഗത്തിനു മുമ്പാകെ സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

1995-ലെ കേരള മുൻസിപ്പൽ കോർപ്പറേഷൻ ചട്ടങ്ങളിലെ ചട്ടം 21(ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് എറണാകുളം ജില്ല കൊച്ചി താലൂക്കിൽ മട്ടാഞ്ചേരി വില്ലേജ് സർവ്വെ നം. 194-ൽ പ്പെട്ട 2.100 സെന്റ് ഭൂമിക്ക് ഗ്രൗണ്ട് റെന്റ് ഒഴിവാക്കി സൗജന്യമായി പട്ടയം അനുവദിക്കുന്നതിനായി 'തരിശ് 'ലേക്ക് ഇനം മാറ്റം വരുത്തി എറണാകുളം ജില്ല മട്ടാഞ്ചേരി വില്ലേജ് ഈരവേലി റോഡിൽ (ഹൗസ് നം.3/485 എ), നെറ്റോവില്ലയിൽ ശ്രീ.ജോസഫ് നെറ്റോയ്ക്ക് പതിച്ചു നൽകാവുന്നതാണോ?